# SACRED HEART'S GIRLS HIGH SCHOOL

**MUTHALAKODAM**

# ACADEMIC MASTER PLAN

**2025-2026**

# OUR MOTTO

**Be First**

**Be Fast**

**Be Smart**

# OUR VISION

**Enabling students to become god Fearing, successful, well balanced, Responsible and socially fruitful Citizens**

# OUR MISSION

**By providing a dynamic, caring, Girl friendly, inclusive and safe Learning environment, we tend to Develop the whole potential of a Child.**

# ആമുഖം

രാഷ്ട്രബോധമുള്ള സാമൂഹിക പ്രതിബദ്ധതയുള്ള വ്യക്തികളെ സൃഷ്ടിക്കുക എന്ന മഹത്തായ പ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിന്റെ ഈ സുവർണ ലക്ഷ്യങ്ങളെ സാക്ഷാത്കരിക്കാൻ സർക്കാരും വിദ്യാഭ്യാസ വകുപ്പും കേരളത്തിലെ ഓരോ വിദ്യാലായങ്ങൾക്കും ഒത്തൊരുമയോടെ പ്രവർത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ ക്രിയാത്മകമായ ആവിഷ്കാരം എന്ന നിലയിൽ ഓരോ വിദ്യാലയവും ഈ അക്കാദമിക വർഷത്തിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളുടെ ഒരു മാർഗരേഖ തയ്യാറാക്കുന്നു. സേക്രട്ട് ഹാർട്ട്സ് ഗേൾസ് ഹൈസ്കൂളിലെ ഈ അക്കാദമിക വർഷത്തിലെ നൂതനവും അർത്ഥവത്തായതും ഫലപ്രാപ്തി ഉള്ളതുമായ അക്കാദമിക പ്രവർത്തനങ്ങളുടെ ഒരു ചട്ടക്കൂടാണിത്. അക്കാദിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന കാഴ്ചപ്പാടിന്റെ അനുസൃതമായി ഒരു സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതി രൂപീകരിച്ചിരിക്കുന്നു. നൂതന വിദ്യാഭ്യാസ ലക്ഷ്യങ്ങളും അതിലേക്കുള്ള മാർഗങ്ങളും അടങ്ങിയ ഈ രൂപരേഖ സവിനയം സമർപ്പിക്കുന്നു.

# വിദ്യാലയ ചരിത്രം

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിലെ ആദ്യത്തെ Aided Girls High School ആയ സേക്രഡ് ഹാർട്ട്സ് ഗേൾസ് ഹൈസ്കൂൾ, മുതലക്കോടം ഗ്രാമത്തിൽ 1949 ജൂൺ മാസം 1-ാം തീയതി പ്രവർത്തനം ആരംഭിച്ചു. 1947 മുതൽ ബഹു. മാത്യു മാതേക്കലച്ചന്റെയും തിരുഹൃദയ സന്യാസിനിമാരുടെയും നിരന്തര ശ്രമത്തിന്റെ ഫലമായി 1948 നവംബർ മാസം 1-ാം തീയതി സ്കൂൾ കെട്ടിടം പണിയുവാൻ ആരംഭിച്ചു. കേവലം 50 വിദ്യാർത്ഥിനികളും 50 അധ്യാപകരുമായി 1949 ൽ ആരംഭിച്ച ഈ സ്കൂൾ ഇന്ന് ഇടുക്കി ജില്ലയിലെ തന്നെ മികച്ച സ്കൂളുകളിൽ ഒന്നാണ്. 1949 മുതൽ 1951 വരെ ശ്രീമതി ഇത്താമ്മ ടി ജോൺ, ശ്രീമതി അച്ചാമ്മ തോമസ്, ശ്രീമതി തങ്കമ്മ പൗലോസ്, ശ്രീ. സി. വി. വറുഗീസ് എന്നിവർ പ്രഥമാധ്യാപകരായി സേവനമനുഷ്ഠിച്ചു. 1952 മാർച്ചിൽ ആദ്യ ബാച്ചു കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി. 4 ഫസ്റ്റ് ക്ലാസോടെ 86% റിസൾട്ട് ലഭിച്ചു. ശ്രീമതി എ.ജി. ഏലിയാമ്മയായിരുന്നു പ്രധാനാധ്യാപിക,

1952 മുതൽ 1973 വരെ തൊടുപുഴ ഗവൺമെന്റ് ഹൈസ്കൂളിലാണ് കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിരുന്നത്. 1974 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ സെന്റർ അനുവദിച്ചു. 1955 ജൂണിൽ ഈ സ്കൂൾ പ്രൈവറ്റ് സെക്കന്ററി സ്കൂൾ പദ്ധതിയിൽ ചേർന്നു. 1966 ജൂണിൽ കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയിൽ ലയിപ്പിച്ചു. 1968 ൽ 5,6,7 ക്ലാസ്സുകൾ ആരംഭിച്ചു. മൂന്ന് ക്ലാസ് മുറികൾ കാക്കനാട്ടച്ചൻ പണികഴിപ്പിക്കുകയും 1978 ൽ ആദ്യത്തെ മാനേജരായിരുന്ന റവ. ഫാ. വർഗീസ് മൊതലകുന്നേലച്ചൻ രണ്ട് ക്ലാസ് മുറികൾ കൂടി പണികഴിപ്പിക്കുകയും ചെയ്തു. 1990 ൽ ഓപ്പൺ എയർ സ്റ്റേജ് റവ. ഫാ. എബ്രാഹം പുളിക്കൽ പണികഴിപ്പിച്ചു തന്നു. 1990 ൽ പി.ടി.എ. യുടെ സഹായത്തോടെ ക്ലാസ് മുറികളിൽ സീലിംഗ് ഫാൻ പിടിപ്പിച്ചു തന്നു. 1996 ൽ ലബോറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. 1998 – ൽ വെരി. റവ. ജോർജ് കുന്നംകോട്ട് സ് കൂൾ ഹാളിന് നീളം കൂട്ടി രണ്ട് ക്ലാസ് മുറികൾ കൂടി കൂട്ടിചേർക്കുകയും ടോയ്ലെറ്റ്, പാചകശാല എന്നിവ പണികഴിപ്പിക്കുകയും ചെയ്തു. 2000 ജനുവരിയിൽ സ്കൂൾ ഗെയ്റ്റ് പണിത് മനോഹരമാക്കി.

ശ്രീമതി കെ.എസ്. മേരി, സിസ്റ്റർ ഇ. എ. ഉലഹന്നാൻ, സിസ്റ്റർ കെ. ഒ. മറിയക്കുട്ടി, സിസ്റ്റർ വി. വി. അന്നക്കുട്ടി, ശ്രീമതി കെ.എസ്. മേരി, ശ്രീമതി കെ. തങ്കമ്മ, ശ്രീമതി ലൂസി കെ. സെബാസ്റ്റ്യൻ, കൊച്ചുത്രേസ്യാ കെ. യു.. ശ്രീമതി പി. യു. ത്രേസ്യാക്കുട്ടി, ശ്രീ. ടി. പി. മത്തായി, സിസ്റ്റർ മേരിക്കുട്ടി കെ.എം., സിസ്റ്റർ കൊച്ചുത്രേസ്യാമ്മ ജോസഫ്, സിസ്റ്റർ മേരി ആൻസ്, ശ്രീമതി എൽസി വി. ജെ., സിസ്റ്റർ എത്സാ പൂനാട്ട് (സി. മോളി ജോസഫ്), ശ്രീമതി ഡോളി മാത്യു, സിസ്റ്റർ റോസി, ശ്രീമതി വിൽസി ജോസഫ് എന്നിവർ കാലാകാലങ്ങളിൽ ഭരണസാരഥ്യം വഹിച്ചു. 2022 ജൂൺ മുതൽ സിസ്റ്റർ ഡാന്റി ജോസഫ് പ്രഥമാധ്യാപികയായി സേക്രഡ് ഹാർട്ട്സിനെ നയിച്ചു പോരുന്നു.

2002- ൽ പൂർവ്വ വിദ്യാർത്ഥിനിയായ ശ്രീമതി മാധവി അർജുനന്റെ പാവന സ്മരണയ്ക്കായി ഒരു അ/ഇ കമ്പ്യൂട്ടർ ലാബ് ശ്രീ. അർജുനൻ പണി കഴിപ്പിച്ച് നൽകി. വിജ്ഞാനം വിരൽതുമ്പിലെത്തി നിൽക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരമൊരു കമ്പ്യൂട്ടർ ലാബ് ലഭിച്ചത് ഈ സ്കൂളിന്റെയും നമ്മുടെ കുട്ടികളുടെയും മാത്രമല്ല ഈ നാടിന് തന്നെ ഒരു സൗഭാഗ്യമാണ്. അക്കാദമിക മികവിന് ഏറെ മുതൽക്കൂട്ടാണ് ഈ കമ്പ്യൂട്ടർ ലാബ്.

പെൺകുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാനും അവരിൽ പൗരബോധം വളർത്താനുമായി 2014-15 ൽ SPC യൂണിറ്റ് 44 കുട്ടികളുമായി ആരംഭിച്ചു. ഹെഡ്മിസ്ട്രസ് സി. എത്സ പൂനാട്ടിന്റെ നിതാന്ത പരിശ്രമത്തിന്റെ ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചത്. ഗൈഡ്സ്, JRC, DCL, KCSL എന്നീ യൂണിറ്റുകളിലൂടെ പെൺകുട്ടികളെ കർത്തവ്യബോധമുള്ളവരും കർമ്മധീരരുമായി മാറ്റുവാൻ സാധിക്കുന്നു. പാഠ്യപാഠ്യേതര രംഗങ്ങളിൽ ഈ സ്കൂൾ എന്നും ഒന്നാം നിരയിൽ തന്നെയാണ്. 2008 - മുതൽ തുടർച്ചയായി SSLC യ്ക്ക് 100% വിജയം നേടുവാനും ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്. 2023-2024 ൽ 61 കുട്ടികൾ Full A+ ഉം 15 കുട്ടികൾ 9A+ കളും നേടി ഇടുക്കി ജില്ലയിലും കോതമംഗലം രൂപതയിലും A+ ശതമാനത്തിൽ ഒന്നാം സ്ഥാനം കൈവരിക്കുകയും ചെയ്തു. നടപ്പു വർഷം വിവിധ ക്ലാസുകളിലായി 588 കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ പ്രധാനാധ്യാപിക ശ്രീമതി. സുനി എം കുര്യനെ കൂടാതെ 18 HSA അധ്യാപകരും 9 UPSA അധ്യാപകരും 1 സ്പെഷ്യൽ ടീച്ചറും 5 നോൺടീച്ചിംഗ് സ്റ്റാഫും ജോലി ചെയ്യുന്നു.

2023-24 അധ്യയന വർഷം 75 വർഷം പിന്നിട്ട് പ്ലാറ്റിനം ജൂബിലി ആഘോഷിച്ച ഈ വിദ്യാലയം ഈ ഗ്രാമത്തിന് അക്ഷരവെളിച്ചം പകർന്നുകൊണ്ട് അതിന്റെ പ്രയാണം തുടരട്ടെ എന്ന് ആശംസിക്കുന്നു.

# STAFF LIST 2025

1. Suni M Kurian (H.M)
2. Leena John
3. Asha C. Mundackal
4 Bessy George
5. Jaya Baby
6. Sr. Soumya Mathew
7. Ancy Thomas
8. Baby George
9. Aney George
10. Simi P Job
11. Sani Sebastian
12. Lissamol C. John
13. Jebin Jose John
14. Cigi George
15. Anumary James
16. Dismy Jose
17. Joisy T John
18. Anitta Antony
19. Cini Louis
20. Sindhu James
21. Mariyat Jose
22. Albin James
23. Jimmy Victor
24. Jeena Mary Augustine
25. Amala Francis
26. Jincy Augustine
27. Jeeja M
28. Darshana Mary Bubu.
30. Vincent John K
31. Lissamma Joseph (OA)
32. Sunny Sebastian (OA)
33. Biji Thomas (FTM)

## സേക്രഡ് ഹാർട്ട്സ് ഗേൾസ് ഹൈസ്കൂൾ ഇന്ന് മികവിന്റെ കേന്ദ്രം :-
## ഒരു കാഴ്ചപ്പാട്

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായ കുട്ടിയുടെ സമഗ്ര വികസനം സാധ്യമാക്കണമെങ്കിൽ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാവണം. 5 മുതൽ 10 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ഗുണനിലവാരമുള്ള ധാരണകളും കഴിവുകളും ഉറപ്പ് വരുത്തണം. നിരപേക്ഷ സംസ്കാരം, സഹവർത്തിത്വം, സഹകരണം എന്നിവ വളർത്തുവാനുള്ള സൃഷ്ടിക്കുന്നതിലേക്കായി നടപ്പിലാക്കിയിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ചേർത്തിരിക്കുന്നു. ജനാധിപത്യ അന്തരീക്ഷം ചുവടെ ചേർക്കുന്നു

- പൂർണ്ണമായും വിദ്യാർത്ഥി കേന്ദ്രമായ പഠന പ്രക്രിയ പിന്തുടരുന്നു.
- ഓരോ ക്ലാസ്സിലും ആർജിക്കേണ്ട പഠനനിലവാരം ഉറപ്പാക്കി മാത്രം കുട്ടികൾ അടുത്ത ക്ലാസിലേക്ക്.
- ടി നിലവാരത്തിലെത്താത്തവർക്കായി പ്രത്യേക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നു. (ശ്രദ്ധ, നവപ്രഭ, മലയാളത്തിളക്കം)
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുന്നു. ഒപ്പം സംസ്കൃത ഭാഷയിലും പ്രാവീണ്യം നേടുന്നു.
- തൊഴിലാഭിമുഖ്യം വളർത്തുവാൻ ക്ലാസുകളിൽ വർക്ക് എക്സ്പീരിയൻസിന് കൂടുതൽ പ്രാധാന്യം നൽകുന്നു.
- ക്യാമ്പസ് ഒരു പാഠപുസ്തകമായി പരിഗണിച്ച് നിലവിലുള്ള ജൈവവൈവിധ്യോദ്യാനം കാലാകാലങ്ങളിൽ വിപുലീകരിക്കുന്നു.
- മെച്ചപ്പെട്ട ലാബ്, ലൈബ്രറി പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുന്നു.
- കുട്ടികളുടെ മാനസികാരോഗ്യം ലക്ഷ്യം വച്ച് കൗൺസിലിംഗ് സൗകര്യം നൽകുന്നു.
- കുട്ടികളുടെ സർഗ്ഗാത്മക വാസനകളെ വർദ്ധിപ്പിക്കുന്നതിനും മാനസിക ഉല്ലാസം ലഭിക്കുന്നതിനുമായി മെച്ചപ്പെട്ട കലാകായിക പരിശീലനങ്ങൾ നൽകുന്നു.
- പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾക്ക് പിന്തുണയും പ്രോത്സാഹനവും നൽകുന്നു.
- പി. ടി. എ. യുടെ സഹായത്തോടെ പിന്നോക്കമുള്ള കുട്ടികളുടെ കുടുംബപശ്ചാത്തലം മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നു.
- ലഹരി വിരുദ്ധ പ്രവർത്തനം, സാമൂഹിക സേവന പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പഠന രീതി അനുവർത്തിക്കുന്നു.
- കാര്യക്ഷമമായ സ്കൂൾ പാർലമെന്റ് പ്രവർത്തനം ഉറപ്പു വരുത്തുന്നു.
- SPC, JRC, GUIDE എന്നിവയുടെ സഹായത്തോടെ മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കുന്നു.
- ലഹരി വിരുദ്ധ മനോഭാവം വളർത്തുന്നതിന് ഊന്നൽ നൽകുന്നു.

- പ്ലാസ്റ്റിക് മുക്ത സ്കൂൾ ക്യാമ്പസ് പരിരക്ഷിക്കുന്നു.
- ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു.
- കുട്ടികൾ ഉപയോഗിക്കുന്ന ജലത്തിന്റെ പരിശോധനക്ക് വേണ്ട സൗകര്യങ്ങൾ സ്കൂളിൽ ലഭ്യമാക്കുന്നു.
- ശാസ്ത്രീയ കൃഷിരീതികൾ പരിചയപ്പെടുത്തുകയും കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും ജൈവകൃഷിയെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.
- സ്കൂളിന്റെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നു. സ്കൂൾ കെട്ടിടം, കളിസ്ഥലം, ശുചിത്വ സൗകര്യങ്ങൾ, കുടിവെള്ളം, പാചകപ്പുര, ഭക്ഷണഹാൾ തുടങ്ങി അനിവാര്യമായ എല്ലാ സൗകര്യങ്ങളും ജനപങ്കാളിത്തത്തോടെ ഘട്ടം ഘട്ടമായി ഒരുക്കും.
- നിലവാരമുള്ള അധ്യാപക പരിശീലനം ഉറപ്പു വരുത്തും. ഓരോ വർഷത്തെയും അധ്യാപക പരിശീലനം കൊണ്ടുണ്ടായ മാറ്റം വിലയിരുത്തുന്നു.
- ഓരോ ഘട്ടത്തിലും സ്കൂളിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും വിലയിരുത്താനും ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നു.
- മേൽ ലക്ഷ്യങ്ങൾ വച്ച് കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നു.

# നിലവിലെ അവസ്ഥാ വിശകലനം

1. **അക്കാദമികം**

- ഭാഷാശേഷി വികസനത്തിന് വിവിധ ഭാഷകളിൽ ക്ലാസ് വൈസ് അസംബ്ലീ
- രചനാ ശില്പശാലകൾ സംഘടിപ്പിക്കുന്നു.
- ഇംഗ്ലീഷ് ഡയറിക്കുറിപ്പുകൾ
- വായനാപരിപോഷണത്തിന് വായനാക്കുറിപ്പുകൾ തയ്യാറാക്കുന്നു.
- നാടകക്കളരി, സ്ക്രിപ്റ്റ് തയ്യാറാക്കൽ, അവതരണം.
- ശാസ്ത്രമേളകൾ, സംഘടിപ്പിക്കുന്നു. ശാസ്ത്രീയാഭിമുഖ്യം
- വളർത്തുന്നതിലേക്കായി
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാ-കായിക പരിശീലനം
- ഐ.റ്റി. പരിശീലനം
- വായനാമൂല
- പ്രവൃത്തി പരിചയം
- പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം
- പോഷകാഹാര പരിപാടി
- ദിനാചരണങ്ങൾ
- ഗവേഷണാത്മക പ്രവർത്തനങ്ങൾ
- ഗണിത ശില്പശാല
- സാഹിത്യപോഷണ പരിപാടികൾ
- മെഡിക്കൽ ക്യാമ്പുകൾ
- നിരന്തര മൂല്യനിർണ്ണയം
- ക്ലാസ് പി.റ്റി.എ.
- വിവിധ ക്ലബ് പ്രവർത്തനങ്ങൾ
- SPC, JRC, SCOUT & GUIDE, DCL, KCSL

**2. ഭൗതീകം**

- ചുറ്റുമതിൽ, ഗേറ്റ്, കളിസ്ഥലം
- ക്ലാസ് മുറികൾ
- ഓഫീസ് മുറി
- സ്റ്റാഫ് മുറി
- ലൈബ്രറി
- അടുക്കള
- സയൻസ് ലാബ്
- മൾട്ടിമീഡിയ ലാബ്
- കുടിവെള്ള വിതരണം
- മാലിന്യ സംസ്ക്കരണം
- ടോയ്‌ലറ്റ് സൗകര്യം കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഉണ്ട്.

**3. സാമൂഹികം**

- വിദ്യാലയ വികസന സമിതി
- PTA
- MPTA
- SSG
- ഗ്രന്ഥ ശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ അധ്യാപകർ, സഹകരണസ്ഥാപനങ്ങൾ, എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുന്നു.
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടുന്നു.
- സാമൂഹ്യസേവന പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങയിവയിൽ കുട്ടികളെ സജീവമായി പങ്കെടുപ്പിക്കുന്നു.
- റാലികൾ, സാമൂഹ്യബോധവത്കരണ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു

## പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിൽ എത്താൻ സഹായകമായ പഠനാവസരം ലഭ്യമാകും.
- അവസരതുല്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിക്കും.
- ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കും.
- ജൈവ വൈവിധ്യ ഉദ്യാനം നിലവിൽ വരും. ക്യാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം സാക്ഷാത്കരിക്കും.
- പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാരയിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്യും.
- ആധുനിക സൗകര്യങ്ങളുള്ള വായനശാല, ലബോറട്ടറി എന്നിവ ഉണ്ടാകും.
- കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവു വരുത്താനുള്ള കൗൺസിലിംഗ് സൗകര്യം ഉണ്ടാകും.
- പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി വിമുക്തവും ലഹരി വിമുക്തവുമായ ക്യാമ്പസ് രൂപപ്പെടും.
- കാർഷിക സംസ്ക്കാരമുള്ള പുതുതലമുറ വളരും. കുട്ടികളുടെ സർഗപരമായ എല്ലാ കഴിവുകളും വികസിക്കും.
- കുട്ടികൾക്ക് മൂന്നു ഭാഷ (മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി) അനായാസമായി കൈകാര്യം ചെയ്യാൻ കഴിയും.

# അക്കാദമിക പ്രവർത്തനം - ഇംഗ്ലീഷ്

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് ക്ലബ്ബ് | ജൂൺ - മാർച്ച് | 12 മാസം | ♦ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫല പ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പി ക്കൽ<br>♦ ഭാഷാ പഠനത്തിലൂടെ സ്വതന്ത്രാവിഷ്കാ രത്തിനുള്ള അവസരം സൃഷ്ടിക്കുക | ♦ English Speaking Corner<br>♦ ഇംഗ്ലീഷ് ദിനപത്രം, കുട്ടികളുടെ മാസികകൾ എന്നിവ എല്ലാ ക്ലാസുകളിലും ലഭ്യമാക്കൽ<br>♦ English School Assembly, New Reading<br>♦ English Speaking Month<br>♦ Letter Writing Competition | |
| | | | | ♦ ഉച്ചാരണശുദ്ധി കൈവരിക്കുക | ♦ ഇംഗ്ലീഷ് ഉച്ചാരണം കൃത്യതപെടുത്തുന്നതി നായി ICT സഹായത്തോടെ കഥകൾ, കവി തകൾ, പ്രസംഗങ്ങൾ എന്നിവ കേൾപ്പിക്കു ന്നു.<br>♦ Reading Competition<br>♦ Book and Filim Review<br>♦ Story Making and Reading<br>♦ Spoken English Class<br>♦ English Theatre<br>♦ Daily Diary Writing | |
| | | | | ♦ ഇംഗ്ലീഷ് ഭാഷാ കൃത്യമായി എഴുതുന്ന തിനുള്ള പരിശീലനം | ♦ Make a Word Web<br>♦ Spelling Bee Competition<br>♦ Coversations<br>♦ Poster Making Competition<br>♦ Greeting Card Making<br>♦ Dictionary & Reverse Dictionary use | |

# അക്കാദമിക പ്രവർത്തനം - സോഷ്യൽ സയൻസ്

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സോഷ്യൽ സയൻസ് ക്ലബ്ബ് | ജൂൺ - മാർച്ച് | 12 മാസം | ♦ സമൂഹത്തിന്റെ വികസന പരിണാമങ്ങൾ അറിയുക<br>♦ സാമൂഹിക പുരോഗതിയെ സ്വാധീനിക്കുന്ന സംഭവങ്ങൾ, ആശയങ്ങൾ, സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പരസ്പര ബന്ധം തിരിച്ചറിയുക<br>♦ സാമൂഹിക പ്രതിബദ്ധത വളർത്തുക | ♦ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ ദിനാചരണങ്ങൾ<br>♦ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ്, ഉപന്യാസ രചന, പ്രസംഗ മത്സരം, കൊളാഷ് നിർമ്മാണം<br>♦ സെമിനാർ പ്രോജക്ട്, സംവാദം, ചുമർപത്രികകൾ, ആൽബം തയ്യാറാക്കൽ, സർവ്വേ<br>♦ പ്രധാനപ്പെട്ട ദിനാചരണങ്ങളിൽ രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യം | |
| | | | | ♦ ജനാധിപത്യബോധം, മതനിരപേക്ഷത, ദേശീയ ബോധം, സഹിഷ്ണുത, സംഘബോധം ഇവ വളർത്തുക<br>♦ ഭൗമപരിസ്ഥിതിയിൽ വരുന്ന മാറ്റങ്ങൾ അപഗ്രഥിച്ച് പരിസ്ഥിതി സംരക്ഷണത്തിന്റെ വക്താക്കളാകുക<br>♦ ശരിയായ സാമൂഹിക കാഴ്ചപ്പാടും പാരിസ്ഥിതിക അവബോധവും വളർത്തുന്ന ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വളർത്തുക | ♦ സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>♦ സിവിൽ സർവ്വീസ് പരീക്ഷകളോട് കുട്ടികളിൽ ആഭിമുഖ്യം വളർത്തുന്നതിനാവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുക<br>♦ സാമൂഹ്യശാസ്ത്ര മാഗസീനുകൾ നിർമ്മിക്കുക<br>♦ പുരാവസ്തു എക്സിബിഷൻ സംഘടിപ്പിക്കുക<br>♦ ചരിത്ര പ്രധാന്യമുള്ള പുസ്തകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക | |
| 1. | സോഷ്യൽ സയൻസ് അധ്യാപകൻ | | ജൂൺ മാർച്ച് | ♦ ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ<br>♦ കാലാവസ്ഥ മാറ്റങ്ങൾ കാരണങ്ങൾ<br>♦ പൊതുതിരഞ്ഞെടുപ്പ് ഭാരവാഹിത്വം, ജനങ്ങളുടെ പങ്ക് | ♦ വിവിധ ജീവിത സാഹചര്യങ്ങളിൽ (സ്കൂൾ) വീട്, പൊതുഇടങ്ങൾ, സമൂഹം, ജനാധിപത്യം എങ്ങനെ ശീലമാക്കാം സെമിനാർ<br>♦ ഉച്ചകോടി<br>News Room | |

# അക്കാദമിക പ്രവർത്തനം - സോഷ്യൽ സയൻസ്

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സോഷ്യൽ സയൻസ് അധ്യാപകൻ | | | ♦ CWSN കുട്ടികൾക്ക് പ്രത്യേക അവസരം നൽകൽ<br><br>30% മാർക്കിൽ കുറവുള്ളവരെ മുൻനിരയിലേക്ക് കൊണ്ടുവരിക | ♦ CWSN കുട്ടികൾക്ക് പ്രത്യേക ടോപ്പിക്കുകൾ ലഘൂകരിച്ച് നൽകുന്നു.<br><br>ലഘൂകരിച്ച വർക്ക്ഷീറ്റ് നൽകുന്നു | |
| | | | | | | |

# അക്കാദമിക പ്രവർത്തനം – സയൻസ്

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സയൻസ് ക്ലബ്ബ് | ജൂൺ – മാർച്ച് | 12 മാസം | ♦ ശാസ്ത്രാഭിമുഖം വളർത്തുക<br>♦ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രപഠനം കൂടുതൽ രസകരമാക്കുക | ♦ ശാസ്ത്ര ദിനാചരണം<br>♦ പോസ്റ്ററുകൾ, പ്ലക്കാർഡുകൾ, മുദ്രാ ഗീതം എന്നിവയുടെ തയ്യാറാക്കൽ<br>♦ ശാസ്ത്ര ക്വിസുകൾ<br>♦ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | |
| | | | | ♦ ആധുനിക സാങ്കേതിക വിദ്യകൾ കുട്ടികളെ അഭ്യസിപ്പിക്കുക<br>♦ സാമൂഹിക വളർച്ചയിൽ പങ്കുകാരാക്കുക | ♦ ICT Basedശാസ്ത്ര പഠനം<br>♦ സയൻസ് മാഗസീൻ<br>♦ പഠനോപകരണങ്ങളുടെ നിർമ്മാണം<br>♦ Dry Day ആചരണം | |
| | സയൻസ് അധ്യാപകൻ<br><br>സയൻസ് അധ്യാപകൻ | ജൂൺ | | ♦ CWSN കുട്ടികൾക്ക് പ്രത്യേക അവസരം നൽകൽ<br>♦ വിഷ്വൽ ചാർട്ട് പ്രദർശിപ്പിച്ച്<br>♦ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ നേരിട്ട് പഠനാനുഭവം നൽകുന്നു<br>♦ 30% മാർക്കിൽ കുറവുള്ളവരെ മുൻനിരയിലേക്ക് കൊണ്ടുവരിക. ലഘൂകരിച്ച വർക്ക് ഷീറ്റ് നൽകുന്നു.ശാസ്ത്ര ലാബ് നവീകരണം | ♦ CWSN കുട്ടികൾക്ക് പ്രത്യേക ടോപ്പിക്കുകൾ ലഘൂകരിച്ച് നൽകുന്നു<br>♦ Peer group study CWSN കുട്ടികൾക്ക് നൽകുന്നു. ലഘുപരീക്ഷണങ്ങൾ, ഉപകരണങ്ങൾ എന്നിവ കാണാനും, കൈകാര്യം ചെയ്യാനും അവസരം നൽകുന്നു.പ്രത്യേക ടോപ്പിക്കുകൾ ലഘൂകരിച്ച് നൽകുന്ന<br>♦ ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ പ്രത്യേകമായി സജ്ജീകരിക്കൽ | |

# അക്കാദമിക പ്രവർത്തനം - ഗണിതം

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | ഗണിത ക്ലബ്ബ് | ജൂൺ - മാർച്ച് | 12 മാസം | ♦ എല്ലാ കുട്ടികൾക്കും ഗണിതത്തോട് കൂടുതൽ താൽപര്യം ഉണ്ടാകുന്നതിനും, എളുപ്പ വഴിയിലും, മനക്കണക്കായും ക്രിയ ചെയ്യുന്നതിനുള്ള കഴിവ് വർദ്ധിപ്പിക്കുക | ♦ ഗണിത ക്വിസ് മത്സരം<br>♦ ഗണിത ലാബ്<br>♦ പഠനോപകരണങ്ങളുടെ നിർമ്മാണം<br>♦ ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br>♦ മാഗസിൻ നിർമ്മാണം | |
| | | | | ♦ ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന് | ♦ Geogebra ഉപയോഗിച്ചുള്ള പരിശീലനം | |
| | ഗണിത അധ്യാപിക | ജൂൺ | | ♦ പുതിയ അറിവുകൾ കണ്ടെത്തുന്നതിനും, പ്രദർശിപ്പിക്കുന്നതിനും | ♦ ഗണിതശാസ്ത്ര മേള | |
| | | | | ♦ CWSN കുട്ടികൾക്ക് വേണ്ടത്ര ശ്രദ്ധ നൽകുന്നതിന്<br>♦ ഗണിത ആശയങ്ങൾ കൂടുതൽ വ്യക്തതയോടെ മനസിലാക്കാൻ<br>♦ 30% ൽ കുറവ് മാർക്ക് ഉള്ളവർക്ക് ഗണിതത്തോട് ആഭിമുഖ്യം നൽകൽ | ♦ വീഡിയോ പ്രസന്റേഷൻ<br>♦ വർക്ക് ഷീറ്റ്<br>♦ മോഡലുകൾ<br>♦ ചാർട്ട് | |

# അക്കാദമിക പ്രവർത്തനം - ഹിന്ദി

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | ഹിന്ദി ക്ലബ്ബ് | ജൂൺ - മാർച്ച് | 12 മാസം | ♦ ഹിന്ദി അക്ഷരങ്ങളിലുള്ള അറിവ്<br>♦ ഹിന്ദിയിൽ അനായസം വായിക്കാനും എഴുതാനും സംസാരിക്കുന്നതിനുമുള്ള ചെയ്യുന്നതിനുമുള്ള പ്രാപ്തി നേടുക<br>♦ രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | ♦ അക്ഷരകാർഡ്, പദകാർഡ്, പദചക്രം എന്നിവയുടെ നിർമ്മാണം<br>♦ കലണ്ടർ നിർമ്മാണം<br>♦ ഹിന്ദി ദിനാചരണം<br>♦ ഹിന്ദി പുസ്തകങ്ങളുടെ വിതരണം<br>♦ കൈയ്യെഴുത്ത് മാഗസീൻ | |
| | ഹിന്ദി അധ്യാപകർ | | | ♦ CWSN കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു | ♦ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടവർക്ക് ഷീറ്റുകൾ നൽകുന്നു | |
| | ഹിന്ദി അധ്യാപകർ | | | ♦ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ പഠന പിന്തുണ നൽകുന്നു. | ♦ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുവേണ്ടി പ്രത്യേകം മൊഡ്യൂൾ തയ്യാറാക്കി കുട്ടികളെ പഠനത്തിലേക്കുള്ള ശ്രദ്ധ കൊണ്ടുവരുകയും പഠനം എളുപ്പമാക്കുകയും ചെയ്യുന്നു | |
| | ഹിന്ദി അധ്യാപകർ | | | ♦ 30% കുറവുള്ളവരെ മുൻനിരയിലേക്ക് കൊണ്ടുവരുന്നു | | |

# അക്കാദമിക പ്രവർത്തനം - സംസ്കൃതം

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സംസ്കൃതം ക്ലബ്ബ് | ജൂൺ - മാർച്ച് | 12 മാസം | ♦ സംസ്കൃത ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുക | ♦ അക്ഷരകാർഡ്, പദകാർഡ്, പദചക്രം എന്നിവയുടെ നിർമ്മാണം<br>♦ സംസ്കൃത ദിനാചരണം<br>♦ സംസ്കൃത അസംബ്ലി | |

# അക്കാദമിക പ്രവർത്തനം - അറബി

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | അറബി ക്ലബ്ബ് | ജൂൺ - മാർച്ച് | 12 മാസം | ♦ അറബി ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുക | ♦ അക്ഷരകാർഡ്, പദകാർഡ്, പദചക്രം എന്നിവയുടെ നിർമ്മാണം<br>♦ അറബി ദിനാചരണം<br>♦ സംസ്കൃത അസംബ്ലി<br>♦ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാഗസീൻ | |

# അക്കാദമിക പ്രവർത്തനം - മലയാളം

| Sl. No. | ചുമതല | കാലം | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | | ജൂൺ<br>ആഗസ്റ്റ് | ♦ എല്ലാ കുട്ടികൾക്കും മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക | ♦ പത്രപാരായണം, പ്രധാന വാർത്ത രേഖപ്പെടുത്തൽ<br>♦ ചിത്രവിശകലനം<br>♦ പഴഞ്ചൊല്ല് വിശകലനം - പതിപ്പ് - ചിത്രത്തെ അടിസ്ഥാനമാക്കി കഥാരചന, കഥപറച്ചിൽ | |
| 2. | | ജൂൺ<br>മാർച്ച് | ♦ ഭാഷാശേഷി വികസനം<br>♦ സർഗശേഷി വികസനം<br>♦ സർഗശേഷി വികസനം<br>♦ കലാവാസന പോഷണം<br>♦ സാഹിത്യവാസനകളെ പരിപോഷിപ്പിക്കൽ<br>♦ ഭിന്നശേഷിക്കാരുടെ കഴിവുകളുടെ വികസനം | ♦ വായനശാല ഉപയോഗം, വായനാക്കുറുപ്പ്, ക്ലാസ് ലൈബ്രറി ഉപയോഗം, പരിചയിച്ച ബാല സാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവ മറ്റ് വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റുന്നു<br>♦ പ്രസംഗ പരിശീലനം<br>♦ സർഗ്ഗാത്മകത രചനകളിൽ ഏർപ്പെടാൻ അവസരം നല്കുന്നു. രൂപപ്പെടുന്ന ഉല്പന്നങ്ങൾ ക്ലാസ്മുറികളിൽ പഠന സാമഗ്രികളായി ഉപയോഗിക്കുന്നു.<br>♦ കുട്ടികളുടെ രചനകൾ ശേഖരിച്ച് കൈയ്യെഴുത്തു മാസിക നിർമ്മിക്കുന്നു<br>♦ പഴഞ്ചൊൽ വിശകലന പതിച്ച് തയ്യാറാക്കുന്നു | |
| 3. | വിദ്യാരംഗം<br>കലാസാഹിത്യ<br>വേദി<br>മലയാളം<br>അധ്യാപകൻ | ജൂൺ<br>മാർച്ച് | ♦ അക്ഷരജ്ഞാനം ഉറപ്പിക്കൽ<br>♦ 30% മാർക്കിൽ കുറവുള്ള കുട്ടികളുടെ ഭാഷാശേഷി വികസനം | ♦ കുട്ടികൾ രചിച്ച കഥ, കവിത, നാടകം തുടങ്ങിയവ സർഗവേളയുടെ അവസരത്തിൽ അവതരിപ്പിക്കുന്നു<br>♦ അക്ഷര മാലയിലെ അക്ഷരങ്ങൾ നൽകി ആ അക്ഷരങ്ങൾ ഉപയോഗിച്ച് പദങ്ങൾ കുട്ടികൾ പാഠഭാഗത്തുനിന്ന് കണ്ടെത്തുന്നു. പദ പരിചയം നേടുന്നു.<br>♦ ചെറിയ ഖണ്ഡക വായിച്ച് ആശയം കണ്ടെത്തിഎഴുതാൻ അവസരം നൽകുന്നു. അവതരിപ്പിക്കുന്നു. ക്ലാസ് ടെസ്റ്റുകളിലൂടെ വിലയിരുത്തൽ നടത്തി പിന്തുണ നൽകുന്നു. | |

## അക്കാദമിക പ്രവർത്തനം - കലാപഠനം

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | വിദ്യാരംഗം കലാസാഹിത്യ വേദി ആർട്സ് ക്ലബ് | ജൂൺ - മാർച്ച് | 12 മാസം | ♦ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് വർദ്ധിപ്പിക്കൽ<br>♦ സർഗ്ഗശേഷി വികസനം<br>♦ കലയിലൂടെ ജീവിത മൂല്യങ്ങൾ | ♦ സംഗീതം, നൃത്തം, ചിത്രകല, നാടകം എന്നീ കലകൾക്ക് പ്രത്യേക ശില്പശാലകൾ സംഘടിപ്പിക്കുന്നു<br>♦ കലാപരിപാടികൾ സ്കൂൾ അസംബ്ലിയിൽ<br>♦ ക്രിയാത്മക സർഗ്ഗവേള<br>♦ ദൃശ്യമാധ്യമങ്ങളിലൂടെ കുട്ടികളുടെ അവതരണങ്ങൾ സംപ്രേക്ഷണം ചെയ്യുക<br>♦ കുട്ടികളുടെ സർഗ്ഗ സൃഷ്ടിയുടെ പ്രവർത്തനം | |

# അക്കാദമിക പ്രവർത്തനം - കായികം

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സ്പോർട്സ് ക്ലബ് | ജൂൺ - മാർച്ച് | 12 മാസം | ♦ കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിക്കൽ<br>♦ സ്വഭാവ രൂപീകരണം<br>♦ സംഘബോധം<br>♦ ഏക്രാഗ്രത<br>♦ ആരോഗ്യമാണ് സമ്പത്ത് എന്ന ബോധ്യം | ♦ കുട്ടികൾക്ക് വിവിധ കളികളിൽ പരിശീലനം<br>♦ വടംവലി മത്സര ടീം രൂപീകരിക്കുന്നു. കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു<br>♦ കായികദിനം, യോഗ ദിനാചരണങ്ങൾ<br>♦ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>♦ സൂംബ പരിശീലനം<br>ഫുട്ബോൾ, വോളിബോൾ ടീമിനെ കണ്ടെത്തി പരിശീലനം നൽകുന്നു. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഭൗതിക സാഹചര്യം, മാലിന്യമുക്ത സ്കൂൾ പരിസരം, സ്കൂൾ സൗന്ദര്യവൽക്കരണം

| Sl. No. | Club | Date/ Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | Nature Club guide unit<br><br>Science club | മെയ് ജൂൺ | 2 മാസം | സ്കൂൾ സൗന്ദര്യവൽക്കരണം | ♦ കളകൾ പറിച്ച് മുറ്റം വൃത്തിയാക്കൽ<br>♦ സ്കൂൾ മുറ്റത്തെ മാലിന്യം നീക്കം ചെയ്യൽ<br>♦ ചെടിചട്ടിയിൽ പൂക്കൾ വച്ച് പിടിപ്പിച്ച് സംരക്ഷിക്കുക.<br>♦ പാഴ്മരം വെട്ടിമാറ്റി മരത്തിന്റെ ശിഖരങ്ങൾ വെട്ടി ഒരുക്കുക<br>♦ ജൈവ വൈവിധ്യ പാർക്ക് സംരക്ഷണം | |
| 2. | Health club class teacher | ജൂൺ മാർച്ച് | 12 മാസം | വലിച്ചെറിയൽ സംസ്കാരം പാടില്ല എന്ന ബോധ്യം നൽകുക | ♦ പ്ലാസ്റ്റിക് മാലിന്യങ്ങൾ, കടലാസ് മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുക<br>♦ ഭക്ഷ്യ അവശിഷ്ടങ്ങൾ ശേഖരിക്കാനുള്ള പ്രത്യേക ബിൻകൾ ക്രമീകരിക്കുക<br>♦ ഓരോ ക്ലാസ്സിൽ നിന്നും കുട്ടികളെ തിരഞ്ഞെടുത്ത് ശുചീകരണ ചുമതലകൾ വീതിച്ച് നൽകുക.<br>♦ മികച്ച മാതൃകാ ക്ലാസ്സുകൾക്ക് ട്രോഫി നൽകുക<br>♦ മികച്ച ശുചിത്വമുള്ള ക്ലാസ്സുകൾക്ക് ട്രോഫി നൽകുക | |
| 3. | ഹെൽത്ത് ക്ലബ്ബ് | ജൂൺ - മാർച്ച് | 12 മാസം | ആരോഗ്യ സംരക്ഷണം | ♦ ബോധവത്ക്കരണക്ലാസ്. ഒരു ടേമിൽ ഒന്നു വീതം | |
| 4. | സ്പോർട്സ് ക്ലബ്ബ് | മെയ് - ജൂൺ | 1 മാസം | സ്കൂൾ പരിപാലിക്കൽ | ♦ കുട്ടികൾക്ക് പരിശീലനത്തിനും കളിക്കാനും സൗകര്യത്തിന് ഗ്രൗണ്ട് സംരക്ഷിക്കുക.<br>♦ ഗ്രൗണ്ടിലെ പുല്ലുവെട്ടി വൃത്തിയാക്കുക | |

# തനത് പ്രവർത്തനം

| Sl. No. | ചുമതല | കാലം | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|
| | English teachers | June - December | ♦ Vocabulary വർദ്ധിപ്പിക്കുക | ♦ ഒരുദിവസം 3 വാക്കുകൾ വീതം കുട്ടികൾക്ക് നൽകുക. ഒരു ടേമിൽ ഇതിന് ടെസ്റ്റ് നടത്തി ഏറ്റവും കൂടുതൽ വാക്കുകൾ പഠിക്കുന്ന വർക്ക് സമ്മാനങ്ങൾ നൽകുന്നു | |
| | Class Teachers | June - March | ♦ എല്ലാ കുട്ടികളേയും ന്യൂസ് പേപ്പർ വായിപ്പിക്കുക. | ♦ ന്യൂസ് പേപ്പർ വായിച്ച് ഏറ്റവും ഇഷ്ടപ്പെട്ട ഒരു വാർത്ത കുട്ടികൾ ബുക്കിൽ എഴുതി സൂക്ഷിക്കുന്നു. ക്ലാസ് ടീച്ചേഴ്സ് ബുക്ക് ചെക്ക് ചെയ്ത് എല്ലാ ദിവസവും വാർത്ത എഴുതിയവർക്ക് സമ്മാനങ്ങൾ നൽകുന്നു. | |
| | Malayalam Teachers | June - March | ♦ കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുക | ♦ ക്ലാസ്സ് ലൈബ്രറിയിലെ 5 പുസ്തകം വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കുക. മലയാളം അധ്യാപകർ വിലയിരുത്തി സമ്മാനങ്ങൾ നൽകുക | |

# ലഹരി വിമുക്ത വിദ്യാലയം

| Sl. No. | ചുമതല | കാലം | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | SPC guide unit | | ♦ ജീവിതമാണ് ലഹരി എന്ന സന്ദേശം കുട്ടികളിൽ ഉറപ്പിക്കുക<br>ലഹരി വിമുക്ത വിദ്യാലയം | ♦ കുട്ടികളെ ലക്ഷ്യബോധത്തിലേക്കും, മൂല്യബോധത്തിലേക്കും നയിക്കുന്ന ബോധവത്ക്കരണ ക്ലാസുകൾ ഒരു ടേമിൽ ഒന്നു വീതം നൽകുന്നു | |
| 2 | കലാകായിക അധ്യാപകർ | | ♦ കുട്ടികളിൽ കലാകായിക താത്പര്യം വളർത്തുക | ♦ കുട്ടികളെ കായിക മേഖലകളിലേയ്ക്കും, കലാ മേഖലകളിലേയ്ക്കും താത്പര്യം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. | |
| 3 | | | ♦ വായനാശീലം വർദ്ധിപ്പിക്കുക. വായനയാണ് ലഹരി എന്ന് ബോധ്യപ്പെടുത്തുക | ♦ ആഴ്ചയിലൊരിക്കൽ സൂംബ പ്രാക്ടീസ് നൽകുന്നു | |
| 4 | | | | ♦ ലഹരി വിരുദ്ധ ബോധവത്ക്കരണ സന്ദേശം നൽകുന്ന വ്യവഹാര രൂപങ്ങൾ തയ്യാറാക്കി അവതരിപ്പിക്കാൻ അവസരം നൽകുന്നു. | |
| 5 | ക്ലാസ് ടീച്ചേഴ്സ് | ജൂൺ - മാർച്ച് | | ♦ ക്ലാസ്സ് ലൈബ്രറിയുടെ പ്രവർത്തനം ഊർജ്ജിതമാക്കി കുട്ടികളുടെ വായനാശീലം വർദ്ധിപ്പിച്ച് മൂല്യബോധമുള്ളവരാക്കി മാറ്റുന്നു | |

# JULY

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സയൻസ് ക്ലബ്ബ് | ജൂലൈ 1<br>ഡോക്ടേഴ്സ് ദിനം | 1 ദിവസം | ♦ സേവനരംഗത്ത് ഉള്ളവരെ ആദരിക്കുക<br>♦ ഡോക്ടേഴ്സിന്റെ മഹത്വം മനസ്സിലാക്കുക | ♦ ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് സെമിനാർ<br>♦ സ്കിറ്റ്<br>♦ ക്വിസ് | |
| 2. | വിദ്യാരംഗം കലാ സാഹിത്യ വേദി | ജൂലൈ 5<br>വിദ്യാരംഗം കലാ സാഹിത്യ വേദി | 1 ദിവസം | ♦ കലാ കായിക സാഹിത്യ പഠനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുക | ♦ വിദ്യാരംഗം കലാ സാഹിത്യ വേദിയുടെയും മറ്റ് ക്ലബ്ബുകളുടേയും ഉദ്ഘാടനം | |
| 3. | വിദ്യാരംഗം കലാ സാഹിത്യ വേദി | ജൂലൈ 5<br>വൈക്കം മുഹമ്മദ് ബഷീർ ചരമദിനം | 1 ദിവസം | ♦ മലയാളത്തിലെ പ്രശസ്തരായ എഴുത്തുകാരെ കുറിച്ച് അറിയുക | ♦ മാഗസീൻ തയ്യാറാക്കൽ<br>♦ പ്രകാശനം | |
| 4. | മലയാളം ക്ലബ്ബ്, S.S. ക്ലബ്ബ് | ജൂലൈ 11<br>ഉറൂബ് ചരമദിനം, ജനസംഖ്യാദിനം | 1 ദിവസം | ♦ ഉറൂബിന്റെ രചനകളെക്കുറിച്ച് അറിയുക<br>♦ ജനസംഖ്യാ വർദ്ധനവിനെ കുറിച്ച് ബോധവാന്മാരാവുക | ♦ കവിതാ പാരായണം<br>♦ പത്രവാർത്തകൾ, വിവരങ്ങൾ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുക | |
| 5. | SEED | ജൂൺ 12<br>അലാല ദിനം | 1 ദിവസം | ♦ ഈ ദിനത്തിന്റെ പ്രസക്തിയെ മനസ്സിലാക്കുക | ♦ പ്രസംഗ മത്സരം | |
| 6. | സോഷ്യൽ സയൻസ് ക്ലബ്ബ് | ജൂലൈ 18<br>നെൽസൺ മണ്ഡേല ദിനം | 1 ദിവസം | ♦ പ്രശസ്തരായ നേതാക്കന്മാരെക്കുറിച്ച് അറിയുക | ♦ പ്രശസ്തരായ നേതാക്കന്മാരെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക | |
| 7. | SEED | ജൂലൈ 28<br>പ്രകൃതി സംരക്ഷണ ദിനം | 1 ദിവസം | ♦ പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുക | ♦ പ്രകൃതി സംരക്ഷണ പ്രതിജ്ഞ ചൊല്ലുന്നു<br>♦ വീട്ടിലെ മാലിന്യം സ്വയം സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നു. | |
| 8. | സയൻസ് ക്ലബ്ബ് | ജൂലൈ 29<br>ലോക കടുവ ദിനം | 1 ദിവസം | ♦ വംശ നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജന്തുജാലകങ്ങളെക്കുറിച്ചുള്ള അവബോധം നൽകുക | ♦ ഡോക്യുമെന്ററി പ്രദർശനം | |

# AUGUST

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സോഷ്യൽ സയൻസ് ക്ലബ്ബ് SEED | ആഗസ്റ്റ് 6 ഹിരോഷിമ ദിനം | 1 ദിവസം | ♦ യുദ്ധത്തിന്റെ തീവ്രതയും ഭീകരയും തിരിച്ചറിയുക<br>♦ യുദ്ധത്തിന്റെ ബുദ്ധിമുട്ടിൽ കഴിയുന്ന ജനതയ്ക്കു വേണ്ടി പ്രാർത്ഥിക്കുക | ♦ യുദ്ധത്തിനെതിരായ പോസ്റ്റർ നിർമ്മാണം<br>♦ റഷ്യ-യുക്രൈൻ യുദ്ധത്തിന്റെ കാരണങ്ങൾ കണ്ടെത്തുക | |
| 2. | ഇംഗ്ലീഷ് ക്ലബ്ബ് | ആഗസ്റ്റ് 7 രവീന്ദ്രനാഥ ടാഗോർ ചരമദിനം | 1 ദിവസം | ♦ ഇന്ത്യൻ ദേശീയ കവികളെ കുറിച്ച് മനസ്സിലാക്കുക | ♦ ഇന്ത്യൻ ദേശീയ കവികളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക. | |
| 3. | സോഷ്യൽ സയൻസ് ക്ലബ്ബ് SEED | ആഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യ ദിനം/ നാഗസാക്കി ദിനം | 1 ദിവസം | ♦ യുദ്ധത്തിന്റെ തീവ്രതയും ഭീകരയും തിരിച്ചറിയുക<br>♦ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തേക്കുറിച്ചും സാമൂഹ്യപരിഷ്കർത്താക്കളെക്കുറിച്ചും മനസ്സിലാക്കുക | ♦ യുദ്ധം - ബോധവത്ക്കരണം<br>♦ സാമൂഹ്യ പരിഷ്കർത്താക്കളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക | |
| 4. | സോഷ്യൽ സയൻസ് ക്ലബ്ബ് SEED | ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനം | 1 ദിവസം | ♦ രാജ്യ സ്നേഹം വളർത്തുക<br>♦ നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നവരുടെ അനുസ്മരണം | ♦ ക്വിസ്<br>♦ പതാക ഉയർത്തൽ<br>♦ ഇന്ത്യൻ സാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ആൽബം തയ്യാറാക്കൽ | |
| 5. | സയൻസ് ക്ലബ്ബ് | ആഗസ്റ്റ് 17 കർഷകദിനം | 1 ദിവസം | ♦ കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക<br>♦ കർഷകരെ ബഹുമാനിക്കാൻ കുട്ടികളെ ബോധവത്ക്കരിക്കുക | ♦ വീടുകളിൽ ജൈവകൃഷിത്തോട്ടം നിർമ്മിക്കുക<br>♦ കർഷകരെ ആദരിക്കുക | |
| 6. | സോഷ്യൽ സയൻസ് ക്ലബ്ബ് | ആഗസ്റ്റ് 26 മദർ തേരേസ ദിനം | 1 ദിവസം | ♦ അനാഥരെയും ആലംബഹീനരെയും സഹായിക്കുവാനുള്ള മനസ്ഥിതി വളർത്തുക. | ♦ ആവശ്യസാധനങ്ങൾ കുട്ടികളിൽ നിന്നും ശേഖിച്ച് പാവങ്ങൾക്ക് എത്തിക്കുക. | |
| 7. | സ്പോർട്സ് ക്ലബ്ബ് | ആഗസ്റ്റ് 29 ദേശീയ കായിക ദിനം | 1 ദിവസം | ♦ പഠനത്തോടൊപ്പം കായികശേഷി വളർത്തേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുക. | ♦ സ്കൂൾ തല കായിക മേള സംഘടിപ്പിക്കുക. | |

# SEPTEMBER

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | വിദ്യാരംഗം കലാസാഹിത്യ വേദി SEED | സെപ്റ്റംബർ 5 അധ്യാപക ദിനം | 1 ദിവസം | ♦ അധ്യാപകവൃത്തിയുടെ മഹനീയതയും ശ്രേഷ്ഠതയും മനസ്സിലാക്കുക ♦ അധ്യാപകരെ ബഹുമാനിക്കുക | ♦ ആശംസാകാർഡുകൾ തയ്യാറാക്കി അധ്യാപകർക്ക് അയക്കുക | |
| 2. | SEED | സെപ്റ്റംബർ 8 സാക്ഷരതാ ദിനം | 1 ദിവസം | ♦ സാക്ഷരത കൈവരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക നിരക്ഷരരെ സഹായിക്കാനുള്ള തീരുമാനം കൈക്കൊള്ളുക | ♦ നിരക്ഷരരെ പഠിപ്പിക്കുക | |
| 3. | ഹിന്ദി ക്ലബ്ബ് സയൻസ് ക്ലബ്ബ് SEED | സെപ്റ്റംബർ 14 ദേശീയ ഹിന്ദി ദിനം | 1 ദിവസം | ♦ രാഷ്ട്ര ഭാഷയുടെ പ്രാധാന്യം കുട്ടികളെ മനസ്സിലാക്കിക്കുന്നു. | ♦ ഹിന്ദി അസംബ്ലി ♦ പ്രസംഗ മത്സരം | |
| 4. | SEED | സെപ്റ്റംബർ 16 ഓസോൺ ദിനം | 1 ദിവസം | ♦ ഓസോൺ പാളിയുടെ പ്രാധാന്യം തിരിച്ചറിയുക ♦ ഓസോൺ പാളിയെ നശിപ്പിക്കുക കാരണങ്ങൾ മനസ്സിലാക്കുക | ♦ പ്രസംഗ മത്സരം ♦ പത്രവാർത്തകൾ ശേഖരിച്ച് ചുമർ പത്രം തയ്യാറാക്കുക | |
| 5. | സോഷ്യൽ സയൻസ് ക്ലബ്ബ് SEED | സെപ്റ്റംബർ 27 ലോകവിനോദ സഞ്ചാരദിനം | 1 ദിവസം | ♦ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് നാടിന്റെ വികസനത്തിലുള്ള പങ്ക് മനസ്സിലാക്കിക്കുന്നു | ♦ യാത്രാക്കുറിപ്പ് മത്സരം | |
| 6. | സയൻസ് ക്ലബ്ബ് | സെപ്റ്റംബർ 29 ലോക ഹൃദയദിനം | 1 ദിവസം ദിനം | ♦ ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു. | ♦ ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും ജീവിതശൈലി രോഗങ്ങളെക്കുറിച്ചുമുള്ള സെമിനാർ | |

# OCTOBER

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | SEED | ഒക്ടോബർ 1<br>വയോജന ദിനം | 1 ദിവസം | ♦ മുതിർന്നവരെ ആദരിക്കുക | ♦ വീട്ടിലെ മുതിർന്ന പൗരന്മാരെ ആദരിക്കുക | |
| 2. | സോഷ്യൽ സയൻസ് ക്ലബ്ബ്<br>SEED | ഒക്ടോബർ 2<br>ഗാന്ധി ജയന്തി | 1 ദിവസം | ♦ ഗാന്ധിജിയുടെ മഹത്തായ സംഭാവനകളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു | ♦ ക്വിസ്<br>♦ പ്രസംഗം മത്സരം<br>♦ ചിത്രരചന മത്സരം<br>♦ സ്കൂൾ പരിസരം വൃത്തിയാക്കൽ | |
| 3. | SEED | ഒക്ടോബർ 3<br>ലോക ആവാസ ദിനം | 1 ദിവസം | ♦ ആവാസവ്യവസ്ഥ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നു | ♦ പോസ്റ്റർ തയ്യാറാക്കുക | |
| 4. | SEED | ഒക്ടോബർ 4<br>മൃഗക്ഷേമദിനം | 1 ദിവസം | ♦ വംശനാശ ഭീക്ഷണി നേരിടുന്ന മൃഗങ്ങളെക്കുറിച്ച് അറിയുക. | ♦ വംശനാശ ഭീക്ഷണി നേരിടുന്ന മൃഗങ്ങളുടെ ചാർട്ട് തയ്യാറാക്കുക | |
| 5. | ഗൈഡിംഗ് | ഒക്ടോബർ 5<br>ലോക അധ്യാപക ദിനം | 1 ദിവസം | ♦ അധ്യാപകരെ ആദരിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുന്നു | ♦ അധ്യാപകരെ ആദരിക്കൽ<br>♦ പൂർവ്വ അധ്യാപകരെ ആദരിക്കുന്നു | |
| 6. | SEED | ഒക്ടോബർ 6<br>വന്യജീവി ദിനം | 1 ദിവസം | ♦ വന്യ ജീവി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുക | ♦ വന്യജീവികൾ അവയുടെ ആവാസ സ്ഥലങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കുക | |
| 7. | സോഷ്യൽ സയൻസ് ക്ലബ്ബ്<br>SEED | ഒക്ടോബർ 10<br>ദേശീയ തപാൽ ദിനം | 1 ദിവസം | ♦ തപാൽ വകുപ്പിന്റെ വിവിധ സേവനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു | ♦ ക്വിസ്<br>♦ കത്തെഴുതൽ മത്സരം | |
| 9. | സോഷ്യൽ സയൻസ് ക്ലബ്ബ്<br>SEED | ഒക്ടോബർ 16<br>ലോക ഭക്ഷ്യദിനം | 1 ദിവസം | ♦ ഭക്ഷണം പാഴാക്കാതെ കഴിക്കണമെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക | ♦ ഭക്ഷണം കളയാതെ മുഴുവൻ കഴിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക | |
| 10. | ഹെൽത്ത് ക്ലബ്ബ് SEED | ഒക്ടോബർ 24<br>ലോക പോളിയോ ദിനം<br>United Nations | 1 ദിവസം | ♦ പോളിയോ നിർമ്മാർജ്ജന യജ്ഞത്തിൽ കുട്ടികളെ പങ്കാളികളാക്കുക | ♦ പോസ്റ്ററുകൾ തയ്യാറാക്കുക<br>♦ ക്വിസ് മത്സരം | |
| 11. | സോഷ്യൽ സയൻസ് ക്ലബ്ബ്<br>SEED | ഒക്ടോബർ 31<br>ദേശീയ ഐക്യതാ ദിനം | 1 ദിവസം | ♦ ദേശീയ ഐക്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | ♦ ദേശീയ ഏകതാ പ്രതിജ്ഞ എടുക്കുന്നു | |

# NOVEMBER

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | വിദ്യാരംഗം, കലാ സാഹിത്യ വേദി | നവംബർ 1 കേരളപ്പിറവി | 1 ദിവസം | ♦ കേരള സംസ്ഥാന ചരിത്രം അറിയുക | ♦ ക്വിസ് മത്സരം<br>♦ പോസ്റ്റർ നിർമ്മാണം | |
| 2. | ഗൈഡ്സ് | നവംബർ 7 സ്കൗട്ട് & ഗൈഡ് | | ♦ സ്ഥാപക ദിനം | | |
| 3. | ഇംഗ്ലീഷ് ക്ലബ്ബ്<br>അറബിക് ക്ലബ്ബ് | നവംബർ 9 ദേശീയ സാക്ഷരതാദിനം ഉറുദു ദിനം | 1 ദിവസം | ♦ എല്ലാവരും എഴുതാനും വായിക്കാനും പഠിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുക | ♦ പുസ്തകങ്ങൾ, പത്രം എന്നിവ വായിക്കുക<br>♦ ഒരു പുസ്തകം വായിച്ച് കുറിപ്പ് തയ്യാറാക്കുക | |
| 4 | ഗതാഗത നിയമം SPC | നവംബർ 10 അന്താരാഷ്ട്ര ശാസ്ത്രദിനം | 1 ദിവസം | | | |
| 5. | സോഷ്യൽ സയൻസ് ക്ലബ്ബ് | നവംബർ 11 ദേശീയ വിദ്യാഭ്യാസദിനം | 1 ദിവസം | ♦ വിദ്യഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുക | ♦ ക്വിസ്<br>♦ പ്രസംഗ മത്സരം | |
| 6. | നേച്ചർ ക്ലബ്ബ് | നവംബർ 12 ദേശീയ പക്ഷി നീരീക്ഷണം ദിനം | 1 ദിവസം | ♦ കുട്ടികളുടെ നിരീക്ഷണ പാടവം വളർത്തുക | ♦ പഠനയാത്ര | |
| 7. | വിദ്യാരംഗം, കലാ സാഹിത്യവേദി, SEED | നവംബർ 14 ദേശീയ ശിശു ദിനം | 1 ദിവസം | ♦ ജവഹർലാൽ നെഹ്റുവിന് കുട്ടികളോടുള്ള സ്നേഹത്തെപ്പറ്റി മനസ്സിലാക്കുന്നു | ♦ അംഗൻവാടി സന്ദർശനം | |
| 8. | IT ക്ലബ്ബ് | നവംബർ 21 ലോക ടെലിവിഷൻ ദിനം | 1 ദിവസം | ♦ ഐ.ടി. മേഖലയുടെ പ്രാധാന്യം മനസ്സിലാക്കുക | ♦ ICT അധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നു | |
| 9. | സോഷ്യൽ സയൻസ് ക്ലബ്ബ് | നവംബർ 23 ദേശീയ പതാക ദിനം | 1 ദിവസം | ♦ ദേശീയ പതാകയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുക | ♦ ദേശീയ പതാക നിർമ്മാണം | |
| 10. | സോഷ്യൽ സയൻസ് ക്ലബ്ബ് | നവംബർ 26 ദേശീയ ഭരണ ഘടനാ ദിനം | 1 ദിവസം | ♦ ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കുക | ♦ ടിബേറ്റ് | |
| 11. | SEED | നവംബർ 30 പതാക ദിനം | 1 ദിവസം | ♦ വിവിധ രാജ്യങ്ങളുടെ പതാകകളെക്കുറിച്ച് അറിയുക | ♦ വിവിധ രാജ്യങ്ങളുടെ പതാക വരച്ച് ഒരു ചിത്ര ആൽബം തയ്യാറാക്കുക | |

# DECEMBER

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സയൻസ് ക്ലബ്ബ് JRC | ഡിസംബർ 1 ലോക എയ്ഡ്സ് ദിനം | 1 ദിവസം | ♦ സാക്രമിക രോഗങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക | ♦ പോസ്റ്റർ നിർമ്മാണം | |
| 2. | JRC | ഡിസംബർ 3 ലോക ഭിന്നശേഷി ദിനം | 1 ദിവസം | ♦ ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | ♦ പോസ്റ്റർ നിർമ്മാണം | |
| 3. | സോഷ്യൽ സയൻസ് ക്ലബ്ബ് | ഡിസംബർ 7 അംബേദ്കർ ചരമദിനം | 1 ദിവസം | ♦ ഭരണഘടന ആമുഖം മനസ്സിലാക്കുന്നു<br>♦ ഭരണഘടനാ ശിൽപി അംബേദ്കറിനെ കുറിച്ച് മനസ്സിലാക്കുന്നു | ♦ ഭരണഘടനയുടെ ആമുഖം ക്ലാസ്സിൽ എഴുതി പ്രദർശിപ്പിക്കുന്നു<br>♦ സ്കൂൾ അസംബ്ലിയിൽ ഭരണഘടന ആമുഖം വായിക്കുന്നു | |
| 4. | SEED | ഡിസംബർ 10 മനുഷ്യാവകാശ ദിനം | 1 ദിവസം | ♦ മനുഷ്യാവകാശങ്ങളെക്കുറിച്ചും സമൂഹത്തിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും മനസ്സിലാക്കുക | ♦ ബന്ധപ്പെട്ട വാർത്തകൾ ശേഖരിച്ച് ചുമർപത്രം തയ്യാറാക്കുക | |
| 5. | സയൻസ് ക്ലബ്ബ് | ഡിസംബർ 14 ലോക ഊർജ്ജ സംരക്ഷണ ദിനം | 1 ദിവസം | ♦ ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത കുട്ടികളെ ബോധ്യപ്പെടുത്തുക | ♦ ഊർജ്ജ സംരക്ഷണ സെമിനാർ സംഘടിപ്പിക്കുക | |
| 6. | സയൻസ് ക്ലബ്ബ് | ഡിസംബർ 22 ക്രിസ്തുമസ് ആഘോഷം Maths day | 1 ദിവസം | ♦ ക്രിസ്തുമസ് ആഘോഷം | ♦ പുൽക്കൂട് നിർമ്മാണം<br>♦ കരോൾ ഗാന മത്സരം<br>കേക്ക് വിതരണം | |

# JANUARY

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സോഷ്യൽ സയൻസ് ക്ലബ്ബ് | ജനുവരി 1<br>ലോക കുടുംബ ദിനം | 1 ദിവസം | ♦ കുടുംബങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുക | ♦ എന്റെ കുടുംബം – കവിതാ രചനാ | |
| 2. | SEED | ജനുവരി 9<br>പ്രവാസി ദിനം<br>ജനുവരി 10<br>ലോക ഹിന്ദി ദിനം | 1 ദിവസം | ♦ ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | ♦ ഗാന്ധിജിയെക്കുറിച്ച് ക്വിസ് | |
| 3. | ഹെൽത്ത് ക്ലബ്ബ് | ജനുവരി 24<br>ലോക പ്രതിരോധ ദിനം | 1 ദിവസം | ♦ പ്രതിരോധ കുത്തിവയ്പ്പുകളെക്കുറിച്ച് മനസ്സിലാക്കുക | ♦ ഓരോ പ്രായത്തിലും എടുക്കേണ്ട പ്രതിരോധ കുത്തിവയ്പ്പുകളെ പരിചയപ്പെടുത്തുക | |
| 4. | സോഷ്യൽ സയൻസ് ക്ലബ്ബ് | ജനുവരി 24<br>ദേശീയ പെൺകുട്ടി ദിനം | 1 ദിവസം | ♦ പെൺകുട്ടികളുടെ അവകാശങ്ങൾ മനസ്സിലാക്കുക | ♦ സ്കിറ്റ് മത്സരം | |
| 5. | SPC | ജനുവരി 26<br>റിപ്പബ്ലിക് ദിനം | 1 ദിവസം | ♦ റിപ്പബ്ലിക് ദിനം ആചരിക്കുക | ♦ പതാക ഉയർത്തൽ<br>♦ ക്വിസ്<br>♦ പ്രസംഗ മത്സരം<br>♦ റിപ്പബ്ലിക്ദിന റാലി | |
| 6. | SEED | ജനുവരി 30<br>രക്തസാക്ഷി ദിനം | 1 ദിവസം | ♦ രാജ്യത്തിനു വേണ്ടി രക്തസാക്ഷിത്വം വഹിച്ചവരെ സ്മരിക്കുക | ♦ സ്വാതന്ത്ര്യ സമരനേതാക്കന്മാരുടെ ആൽബം തയ്യാറാക്കുക | |

# FEBRUARY

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | സയൻസ് ക്ലബ്ബ് | ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനം | 1 ദിവസം | ♦ തണ്ണീർത്തടങ്ങളുടെ പ്രത്യേകതകളും പ്രാധാന്യവും ഓർമ്മപ്പെടുത്തുക | ♦ തണ്ണീർത്തട സംരക്ഷണത്തെക്കുറിച്ച് ഉപന്യാസ രചനാ മത്സരം | |
| 2. | ഹെൽത്ത് ക്ലബ്ബ് | ഫെബ്രുവരി 4 ലോക കാൻസർ ദിനം | 1 ദിവസം | ♦ അർബുദതത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ വളർത്തുക | കാൻസറിനെതിരെ വേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് കണ്ടെത്തുക | |
| 3. | സോഷ്യൽ സയൻസ് ക്ലബ്ബ് | ഫെബ്രുവരി 9 സെൻസസ് ദിനം | 1 ദിവസം | ♦ ജനസംഖ്യാ അവബോധം കുട്ടികളിൽ വളർത്തുക | ഓരോ ക്ലാസ്സിലെയും കുട്ടികളുടെ വീട്ടിലെ അംഗങ്ങളുടെ കണക്ക് എടുത്ത് ലിസ്റ്റ് തയ്യാറാക്കുന്നു | |
| 4. | സോഷ്യൽ സയൻസ് ക്ലബ്ബ് | ഫെബ്രുവരി 19 പഞ്ചായത്ത് രാജ് ദിനം | 1 ദിവസം | ♦ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നു | പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തുന്നു | |
| 5. | വിദ്യാരംഗം കലാ സാഹിത്യവേദി, SEED | ഫെബ്രുവരി 21 ലോക മാതൃഭാഷാ ദിനം | 1 ദിവസം | ♦ മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കുന്നു | പത്രവായന ശീലമാക്കുക<br>പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കുക | |
| | | | | | | |

# MARCH

| Sl. No. | Club | Date/Month | കാലാവധി | ഉദ്ദേശ്യലക്ഷ്യം | പ്രവർത്തനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | വിദ്യാരംഗം കലാ സാഹിത്യ വേദി | മാർച്ച് 8 ലോക വനിതാ ദിനം | 1 ദിവസം | ♦ വനിതകളെ ആദരിക്കുക | ♦ പ്രശസ്തരായ വനിതകളെക്കുറിച്ച് സെമിനാർ | |
| 2. | | മാർച്ച് 15 ലോക ഉപഭോക്തൃ സംരക്ഷണ ദിനം | | | | |
| 3. | സയൻസ് ക്ലബ്ബ് SEED | മാർച്ച് 22 ലോക ജല ദിനം | 1 ദിവസം | ♦ ജല സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു | ♦ ജലം സംരക്ഷിക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നു | |
| 4. | | കാലാവസ്ഥ ദിനം | | | | |

# ഉപസംഹാരം

വിദ്യാഭ്യാസ രംഗത്തെ ഭൗതിക, അക്കാദമിക, സാംസ്കാരിക ഭാവങ്ങളെ കാലത്തിനനുസരിച്ച് മാറ്റിയെടുക്കേണ്ടത് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് അനിവാര്യമാണ്. കാലത്തിനനുസരിച്ചുള്ള കരിക്കുലം പരിഷ്കരണത്തിനും തകർച്ച നേരിടുന്ന കാർഷിക, പാരിസ്ഥിതിക, സാമൂഹ്യ, സാംസ്കാരിക, ആരോഗ്യ മേഖലകളുടെ ഉണർവിനും വേണ്ടി വരും തലമുറയെ പ്രാപ്തമാക്കുക എന്നതാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. ആ ലക്ഷ്യത്തെ മുൻ നിർത്തി തയ്യാറാക്കിയ അതിബൃഹത്തും സമഗ്രവുമായ ഈ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കാൻ ഏവരുടേയും സഹകരണം പ്രതീക്ഷിച്ചു കൊണ്ട് ഈ മാസ്റ്റർ പ്ലാൻ ഇവിടെ ഉപസംഹരിക്കുന്നു.